بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 17.04.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ഔന്നത്യ പദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് മുആദുബ്നു ഹാരിസിന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളെക്കുറിച്ചുള്ള വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ الرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഇന്ന്, ബദരീ സ്വഹാബിയായ ഹദ്റത്ത് മുആദുബ്നു ഹാരിസിനെക്കുറിച്ചു വിവരിക്കുന്നതാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹാരിസുബ്നു രിഫാഅ എന്നും മാതാവിന്റെ പേര് അഫ്റാഅ് ബിൻത് ഉബൈദ് എന്നുമായിരുന്നു. ഹദ്റത്ത് മുആദ് തന്റെ രണ്ടു സഹോദരൻമാരായ ഹദ്റത്ത് ഔഫിന്റെയും ഹദ്റത്ത് മുഅവ്വിദിന്റെയും കൂടെ ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഹദ്റത്ത് ഔഫും ഹദ്റത്ത് മുഅവ്വിദും ബദർ യുദ്ധത്തിൽ ശഹീദായി . ഹദ്റത്ത് മുആദ് പിന്നീടുള്ള എല്ലാ യുദ്ധത്തിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ഒന്നാം ബൈഅത്തെ അഖബ വേളയിൽ മക്കയിൽവെച്ച് നബി(സ)തിരുമേനിയുടെ കയ്യിൽ ബൈഅത്തു ചെയ്ത എട്ട് അൻസ്വാറുകളിൽ ഹദ്റത്ത് മുആദും ഉൾപ്പെടുന്നു. രണ്ടാം ബൈഅത്തെ അഖ്ബയിലും ഹദ്റത്ത് മുആദ് പങ്കെടുത്തിരുന്നു.

സ്വാലിഹുബ്നു ഇബ്റാഹീമിന്റെ പിതാമഹനായ ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ) നിവേദനം ചെയ്യുന്നു; അദ്ദേഹം പറയുകയാണ്, ഞാൻ ബദർ യുദ്ധത്തിനായി അണി നിൽക്കുകയായിരുന്നു. ഇടവും വലവും കണ്ണോടിച്ചപ്പോൾ കണ്ടത് ഇളം പ്രായത്തിലുള്ള രണ്ട് അൻസ്വാരി ബാലന്മാരെയാണ്. ഇവരേക്കാൾ ശക്തരായ യുവാക്കളുടെ ഇടയിൽ നില്ക്കാനായിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോയി. അപ്പോഴേക്കും അവരിലൊരാൾ എന്റെ കൈപിടിച്ച് അമർത്തിക്കൊണ്ട് ചോദിച്ചു: അബൂജഹൽ ആരാണന്ന് താങ്കൾക്കറിയുമോ? ഞാൻ ചോദിച്ചു: അതറിഞ്ഞിട്ട് നിനക്കെന്താണ്? അവൻ പറഞ്ഞു: അയാൾ നബി(സ) തിരുമേനിയെ ചീത്ത പറയുന്ന വ്യക്തിയാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. അയാളെ കാണാനായാൽ ഞങ്ങൾ ഇരുവരിൽ ആർക്കാണോ ആദ്യം മരണം വിധിക്കപ്പെട്ടിരിക്കുന്നത് അയാൾ മരിച്ചു വീഴുന്നതുവരെ ഞാൻ എന്റെ കണ്ണുകൾ അയാളിൽ നിന്നും മാറ്റുകയില്ല. അതിൽ ഞാൻ അദ്ഭുതപരതന്ത്രനായി. അതിനു ശേഷം രണ്ടാമനും എന്റെ കൈപിടിച്ച് അമർത്തി അതു തന്നെ ചോദിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ സ്വജനങ്ങൾക്കിടയിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുന്ന അബൂജഹലിനെ കണ്ടു. നോക്കൂ അതാണ് നിങ്ങൾ എന്നോട് ചോദിച്ച വ്യക്തി എന്നു ഞാൻ പറഞ്ഞു. ഉടനെതന്നെ അവർ രണ്ടു പേരും ഊരിപ്പിടിച്ച വാളുമായി അയാളുടെ യടുത്തേക്ക് കുതിച്ചു. അയാളുടെ ജീവനെടുക്കുന്നതുവരെ കടന്നാക്രമിച്ചു. അതിനു ശേഷം നബി(സ)തിരുമേനിയുടെ അടുത്തെത്തി വിവരമറിയിച്ചു. നിങ്ങളിലാരാണ് അയാളെ വധിച്ചത് എന്ന് നബിതിരുമേനി ചോദിച്ചു. അപ്പോൾ രണ്ടു പേരും പറഞ്ഞു; ഞാനാണ് വധിച്ചത്. നിങ്ങൾ നിങ്ങളുടെ വാളുകൾ തുടച്ചു വൃത്തിയാക്കിയോ എന്നു നബിതിരുമേനി ചോദിച്ചു. ഇല്ലാ എന്നവർ മറുപടി പറഞ്ഞു. തിരുമേനി വാളിലേക്കു നോക്കി എന്നിട്ടു പറഞ്ഞു; നിങ്ങൾ രണ്ടുപേരും ചേർന്നാണ് അയാളെ വധിച്ചത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു;

അബൂജഹൽ ജനിച്ചപ്പോൾ ഒട്ടകങ്ങളെ അറുത്ത് ആഴ്ചകളോളം മാംസം വിതരണം ചെയ്തിരുന്നു. മക്കയുടെ അന്തരീക്ഷം ദഫ് മുട്ടിന്റെ ധ്വനിയാൽ മുഖരിതവുമായിരുന്നു അങ്ങനെയുള്ള അബൂജഹൽ ബദർ യുദ്ധത്തിൽ വധിക്കപ്പെടുമ്പോൾ പരിക്കേൽപ്പിച്ചത് പതിനഞ്ചു വയസ്സുള്ള രണ്ട് അൻസാരി ബാലരായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറയുന്നു; യുദ്ധം കഴിഞ്ഞ് ജനങ്ങൾ പിരിഞ്ഞു പോകുമ്പോൾ പരിക്കേറ്റവരെ നോക്കുവാനായി ഞാൻ മൈതാനത്തു പോയി. യുദ്ധമൈതാനിയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഞരങ്ങുന്ന അബൂജഹലിനെ ഞാൻ കണ്ടു. ഞാൻ അടുത്തെത്തിയപ്പോൾ അയാൾ എന്നോട് പറഞ്ഞു; ഞാനിനി രക്ഷപ്പെടുമെന്നു തോന്നുന്നില്ല .നീ മക്കക്കാരനാണല്ലോ അതുകൊണ്ട് എനിക്കീ പ്രയാസ

ത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനു വേണ്ടി നീ എന്നെ വധിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ അറേബ്യയുടെ നേതാവാണെന്ന കാര്യം നിനക്കറിയാമല്ലോ. അറേബ്യൻ സമ്പ്രദായമനുസരിച്ച് നേതാക്കളുടെ കഴുത്ത് നീട്ടിയാണ് മുറിക്കുക. വധിക്കപ്പെടുന്നയാൾ നേതാവാണെന്നുള്ളതിന്റെ അടയാളമാണത്. അതുകൊണ്ട് എന്റെ കഴുത്ത് നീട്ടി മുറിക്കുക. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് പറയുന്നു; ഞാൻ അയാളുടെ താടിയോട് ചേർത്തു മുറിച്ചു. എന്നിട്ടു പറഞ്ഞു നിന്റെ അവസാനത്തെ ആഗ്രഹം പോലും പൂർത്തിയാക്കപ്പെടുകയില്ല. അബൂജഹലിന്റേത് എത്ര നിന്ദ്യമായ പര്യവസാനമായിരുന്നു. തന്റെ ജീവിതകാലത്ത് എപ്പോഴും കഴുത്തുയർത്തി നടന്നിരുന്ന അബൂജഹലിനെ മരണസമയത്ത് കഴുത്ത് താടിയോട് ചേർത്തു മുറിക്കപ്പെട്ടു. അവസാനത്തെ ആഗ്രഹം പോലും നിറവേറ്റപ്പെട്ടില്ല.

ഒരു വിവരണമനുസരിച്ച് ഹദ്റത്ത് മുആദിന് ബദർ യുദ്ധത്തിൽ പരിക്കുപറ്റുകയും മദീനയിൽ തിരിച്ചെത്തിയതിനു ശേഷം ആ പരിക്കുകാരണമായി മരണമടയുകയും ചെയ്തു. അദ്ദേഹം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്തു കാലം വരെ ജീവിച്ചിരുന്നു എന്നും പറയപ്പെടുന്നു. മറ്റൊരു അഭിപ്രായത്തിൽ അദ്ദേഹം ഹദ്റത്ത് അലി(റ)യുടെ ഖിലാഫത്തുകാലം വരെ ജീവിച്ചു സ്വിഫ്ഫീൻ യുദ്ധത്തിൽ ശഹീദായി. ഹിജ്രി 36,37 ലാണ് സ്വിഫ്ഫീൻ യുദ്ധമുണ്ടായത് ഹദ്റത്ത് മുആദ് ഹദ്റത്ത് അലി(റ)യുടെ ഭാഗത്തുനിന്നാണ് ആ യുദ്ധത്തിൽ പങ്കെടുത്തത്.

അതിനു ശേഷം ഹുസൂർ പറഞ്ഞു; ഇനി ഞാൻ ബഹുമാന്യ റാണാ നഈമുദ്ദീൻ സാഹിബ് ഇബ്നു ഫൈറോസ് ദീൻ മുൻശി സാഹിബിനെക്കുറിച്ച് പറയുകയാണ്. അദ്ദേഹം 8ഠമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* 1934 ൽ ആണ് റാണാ സാഹിബ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് 1906 ൽ കത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബൈഅത്തു ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ദൗലത്ത് ഖാൻ സാഹിബിന്റെ പൗത്രിയായ സാറാ പർവീൻ സാഹിബ ആയിരുന്നു അദ്ദേഹത്തിന്റെ പത്നി. അദ്ദേഹം 1955 നവംബർ മുതൽ 1959 മെയ് 11 വരെ പ്രത്യേക സുരക്ഷാ സംഘത്തിൽ ഗാർഡ് ആയി (ഹിഫാസത്തെ ഖാസ്) പ്രവർത്തിച്ചിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) തഫ്സീറിന്റെ ആവശ്യാർത്ഥം നഖ്‌ലയിലേക്കു പോകുമായിരുന്നു. അവിടെ സുരക്ഷാ ചുമതലയും ജനറേറ്ററിന്റെ സംരക്ഷണ ചുമതലയും അദ്ദേഹത്തിനായിരുന്നു.

1978 ൽ സുരക്ഷാ ചുമതലയിൽ നിന്നും വിരമിച്ച ശേഷം സാഹേവാൽ ജില്ലയിലെ ഹഡ്പ്പയിലേക്കു പോയി. അവിടെ പള്ളിയിൽ മസ്ജിദ് ഖാദിമായി സേവനം ചെയ്തുകൊണ്ടിരുന്നു. അതിനിടയിൽ 1984 ഒക്ടോബറിൽ സാഹേവാലിലെ അഹ്മദിയ്യാ ബൈത്തുദ്ദിക്റിനു നേരെ എതിരാളികളുടെ ആക്രമണമുണ്ടായി. സെക്യൂരിറ്റി ഡ്യൂട്ടിയിലായിരുന്നതിനാൽ അദ്ദേഹം മറുപടിയായി തിരിച്ചടിച്ചു. റാണാ നഈമുദ്ദീൻ സാഹിബിന്റെ കൂടെ പതിനൊന്നു പേർക്കെതിരെ കേസ് ഫയൽ ചെയ്തു. അപ്രകാരം റാണാസാഹിബിന് 1984 ഒക്ടോബർ 26 മുതൽ 1994 മാർച്ച് വരെ അസീറാനെ രാഹെ മൗലാ ആകാൻ അഥവാ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജയിൽവാസമനുഭവിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. മിലിട്ടറി കോർട്ട് ജമാഅത്തിലെ മുറബ്ബി ഇല്യാസ് മുനീർ സാഹിബിനെയും റാണാ നഈമുദ്ദീൻ സാഹിബിനെയും വധശിക്ഷയ്ക്കു വിധിച്ചു. ഈ വിധിക്ക് എതിരായി അപ്പീൽ ചെയ്തതിന്റെ ഫലമായി 1994 മാർച്ചിൽ ലാഹോർ ഹൈകോർട്ട് മോചിപ്പിക്കാൻ ഉത്തരവിട്ടു. തടവിലായിരുന്നപ്പോൾ, നിങ്ങൾ നിങ്ങളുടെ ഖലീഫയുടെ ബോഡി ഗാർഡ് ആയിരുന്നു അതുകൊണ്ട് ഖലീഫ നിങ്ങളെ ഇത്തരത്തിൽ മുസ്‌ലിംകളെ വധിക്കാൻ വിട്ടതാണ് എന്ന് പറഞ്ഞുകൊണ്ട് പോലീസ് അദ്ദേഹത്തിൽ നിന്നും ബലപ്രയോഗത്തിലൂടെ മൊഴിയെടുക്കാൻ ശ്രമിച്ചു . ഈ കേസിൽ നിന്നും മോചിതനായ ശേഷം 1994 ൽ റാണാ നഈമുദ്ദീൻ സാഹിബ് ലണ്ടനിൽ താമസമാക്കി. ഇവിടെയും അദ്ദേഹം സെക്യൂരിറ്റി സംഘത്തിൽ പ്രായം പരിഗണിക്കാതെ വലിയ തോതിൽ ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്നു.

മർഹൂമിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ പിൻഗാമികളായി ഒരു മകനും നാലു പെൺമക്കളുമാണുള്ളത്. മകൻ റാണാ വസീം സാഹിബും നാലു പെൺമക്കളും ലണ്ടനിലാണ് താമസിക്കുന്നത്. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു; എന്റെ വഖ്ഫ് സ്വീകരിക്കപ്പെട്ടപ്പോൾ അദ്ദേഹം എന്നോട് ഒരു ദിവസം പറഞ്ഞു; ഇതൊരു വലിയ ബാധ്യതയാണ്. എപ്പോഴും തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് സ്വന്തം വഖ്ഫിനെ പൂർത്തിയാക്കുക. ആരെങ്കിലും എപ്പോഴെങ്കിലും പ്രയാസപ്പെടുത്തിയാൽ തർക്കിക്കാതെ നിശബ്ദനാകുക. എല്ലാം അല്ലാഹുവിന് വിട്ടുകൊടുക്കുക. ക്ഷമയുടെ കോന്തല ഒരിക്കലും കൈവിടരുത്. അല്ലാഹു സഹനശീലരുടെ കൂടെയാണ്. അദ്ദേഹത്തിന്റെ പിതാവിന് ഹദ്റത്ത് അമ്മാജാന്റെ സഹായി ആകുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട് എന്നും പറയുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) റാണാ നഈം അഹ്മദ് സാഹിബിന് ഇപ്രകാരം എഴുതുകയുണ്ടായി; വിശ്വാസത്തിന്റെ ഔന്നത്യമാകുന്ന ഏതൊരു ശക്തമായ പർവ്വതത്തിലാണോ താങ്കൾ നിലകൊള്ളുന്നത് അത് അഭിമാനാർഹമാണ്. അല്ലാഹുവിന്റെ ആളുകൾക്ക് ഉന്നതമായ സ്ഥാനം കരസ്ഥമാക്കു

ന്നതിനു മുമ്പായി ഇത്തരം കഠിനമായ മാർഗ്ഗങ്ങളിലൂടെ കടന്നുപോകേണ്ടതായി വരുന്നു. നിങ്ങൾക്കു ലഭിച്ച സൗഭാഗ്യത്തിൽ അസൂയ തോന്നുന്നു. വൃക്ഷം അതിന്റെ ഫലത്താൽ തിരിച്ചറിയപ്പെടുന്നു. നിങ്ങളെല്ലാവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വൃക്ഷത്തിന്റെ പച്ചളിപ്പുള്ള ശാഖകളും മധുരഫലങ്ങളുമാകുന്നു. അല്ലാഹു അതൊരിക്കലും പാഴാക്കിക്കളയുകയില്ല. അല്ലാഹു അവന്റെ മലക്കുകൾ മുഖേന സഹായിക്കുകയും ശത്രുവിന്റെ കരങ്ങളിൽ നിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അല്ലാഹു താങ്കളുടെ കൂടെയുണ്ടായിരിക്കട്ടെ.

തുടർന്ന് ഹുസൂർ ഇപ്രകാരം പറഞ്ഞു; പരലോകത്തും അല്ലാഹു അദ്ദേഹത്തോട് സ്നേഹത്തോടെ പെരുമാറുകയും തന്റെ പ്രിയപ്പെട്ടവരിൽ ഇടം നൽകുകയും ചെയ്യുമാറാകട്ടെ. ചെറുപ്പം മുതലേ എനിക്ക് അദ്ദേഹത്തെ അറിയാം. അന്നും അദ്ദേഹം വളരെ വാത്സല്യത്തോടെയാണ് ഞങ്ങളോട് പെരുമാറിയിരുന്നത്. ഖിലാഫത്തിന് ശേഷം എന്നോടുള്ള പെരുമാറ്റത്തിന്റെ രൂപം തന്നെ മറ്റൊന്നായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും എപ്പോഴും ആത്മാർത്ഥമായി തങ്ങളുടെ പിതാവിന്റെ കാലടികളെ പിന്തുടരുവാനുള്ള തൗഫീഖ് നൽകട്ടെ. അദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കാരം ഞാൻ പിന്നീട് നമസ്കരിപ്പിക്കുന്നതാണ് ഇൻശാ അല്ലാഹ്.

അവസാനമായി ഞാൻ വീണ്ടും ഇപ്പോഴത്തെ രോഗവുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ചില അഹ്മദികളും രോഗികളായിട്ടുണ്ട് അവർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും പരിപൂർണ്ണ ശിഫാ നൽകുമാറാകട്ടെ. നമുക്കും അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ ചലിക്കുവാനുള്ള തൗഫീഖ് നൽകട്ടെ. നമുക്ക് ശരിയായ രൂപത്തിൽ ആരാധനകളോടുള്ള കടമകൾ നിറവേറ്റുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഈ പ്രയാസം എത്രയും പെട്ടെന്ന് നമ്മിൽ നിന്ന് അകറ്റുമാറാകട്ടെ. ലോകത്തിന് ബുദ്ധിയും വിവേകവും നൽകട്ടെ, അവരെ ഏകദൈവത്തെ തിരിച്ചറിയുന്നവരും അവനെ ആരാധിക്കുന്നവരും തൗഹീദിനെ കുറിച്ച് മനസ്സിലാക്കുന്നവരുമാക്കട്ടെ. അല്ലാഹു എല്ലാവരിലും കരുണ ചൊരിയുമാറാകട്ടെ. (ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 17.04.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516